**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **03.03.2020 ൽ മറുപടിക്ക്**

**ചോദ്യം നമ്പർ : 475**

**വ്യവസായ വളർച്ച**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.അൻവർ സാദത്ത്**<br>**ശ്രീ.വി.ഡി.സതീശൻ**<br>**ശ്രീ. വി.ടി.ബൽറാം**<br>**ശ്രീ. വി.എസ്.ശിവകുമാർ :** | | **ശ്രീ.ഇ.പി.ജയരാജൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്ത് വ്യവസായ വളർച്ചക്ക് അനുകൂലമായ സാഹചര്യം സൃഷ്ടിക്കപ്പെട്ടതിലൂടെ പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സാധിച്ചിട്ടുണ്ട്. പുതിയ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും വിവിധ അനുമതികൾ സമയബന്ധിതമായി നൽകുന്നതിനും ആയി 11.02.2019 ൽ ആരംഭിച്ച കെ-സ്വിഫ്റ്റ് എന്ന ഓൺലൈൻ സംവിധാനം നിലവിൽ വന്നതിനുശേഷം നാളിതുവരെ 2186 സംരംഭകർ രജിസ്റ്റർ ചെയ്യുകയും 570 കോമൺ ആപ്ലിക്കേഷൻ ഫോറം സമർപ്പിക്കുകയും ചെയ്തിട്ടുള്ളതിൽ 295 അനുമതികൾ / ലൈസൻസുകൾ കെ-സ്വിഫ്റ്റ് മുഖേനെ നൽകിയിട്ടുണ്ട്. നാളിതുവരെ 652 അപേക്ഷകർ 270.94 കോടി രൂപ മുതൽ മുടക്കുള്ള പദ്ധതികൾക്കായി KSWIFT ൽ സാക്ഷ്യപത്രം സമർപ്പിച്ച് കൈപ്പറ്റ് രസീത് ലഭ്യമാക്കിയിട്ടുണ്ട്.<br><br>കൂടാതെ വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് കൈകാര്യം ചെയ്യുന്ന മാനേജ്മെന്റ് ഇൻഫർമേഷൻ സംവിധാനം പ്രകാരമുള്ള കണക്ക് അനുസരിച്ച് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2020 ജനുവരി 31 വരെ 54420 സൂക്ഷ്മ-ചെറുകിട -ഇടത്തരം വ്യവസായ യൂണിറ്റുകൾ ആരംഭിക്കുകയുണ്ടായി. ഇതിലൂടെ 4953.69 കോടി രൂപയുടെ നിക്ഷേപവും 190078 തൊഴിലും സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |

<table>
<tr><td>(ബി)</td><td>ഈ സർക്കാർ നിലവിൽ വന്നശേഷം വൻകിട വ്യവസായ മേഖലയിൽ ഏതെങ്കിലും പുതിയ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ;</td><td>(ബി)</td><td>ഈ സർക്കാർ നിലവിൽ വന്നശേഷം താഴെപ്പറയുന്ന വൻകിട വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.
<table>
<tr><th>സ്ഥാപനം</th><th>നിക്ഷേപം (തുക)</th></tr>
<tr><td>Malabar Ispat Ltd.</td><td>34.25 കോടി</td></tr>
<tr><td>Sunpower Cement Company Pvt. Ltd. (Expansion)</td><td>24.68 കോടി</td></tr>
</table></td></tr>
<tr><td>(സി)</td><td>പുതിയ വ്യവസായ നയം സംസ്ഥാനത്ത് വ്യവസായ വളർച്ചക്ക് അനുകൂലമായ സാഹചര്യം ഉണ്ടാക്കിയിട്ടുണ്ടോ;</td><td>(സി)</td><td>ഉണ്ട്.</td></tr>
<tr><td>(ഡി)</td><td>വ്യവസായ മേഖലയിൽ 2017-18 നെ അപേക്ഷിച്ച് എത്ര ശതമാനം വളർച്ച 2018-19 ൽ ഉണ്ടായെന്ന് അറിയിക്കാമോ;</td><td>(ഡി)</td><td>കഴിഞ്ഞ വർഷങ്ങളിലെ പ്രളയം സൃഷ്ടിച്ച പ്രതികൂല സാഹചര്യത്തിലും, വ്യവസായ മേഖലയിൽ 2018-19 (Quick) വർഷത്തിൽ മൂല്യവർദ്ധനവിൽ ഉണ്ടായിട്ടുള്ള വളർച്ച നിരക്ക് തനത് വിലയിൽ 10.84 ശതമാനവും അടിസ്ഥാന വർഷ വിലയിൽ 8.25 ശതമാനവുമാണ് എന്ന് സാമ്പത്തിക സ്ഥിതിവിവരകണക്ക് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.</td></tr>
<tr><td>(ഇ)</td><td>പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മുപ്പത് ദിവസത്തിനുള്ളിൽ ലൈസൻസ് നൽകുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;</td><td rowspan="2">(ഇ)<br>&<br>(എഫ്)</td><td rowspan="2">വ്യവസായങ്ങൾ ആരംഭിക്കുന്നതിനും വിവിധ ക്ലിയറൻസുകൾ സമയബന്ധിതമായി ലഭിക്കുന്നതിനും ആയി 11.02.2019 ൽ ആരംഭിച്ച കെ-സ്വിഫ്റ്റ് എന്ന ഓൺലൈൻ സംവിധാനം മുഖേന പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മുപ്പത് ദിവസത്തിനുള്ളിൽ ലൈസൻസ് നൽകുന്നത് പ്രവർത്തികമാക്കിയിട്ടുണ്ട്. 570 കോമൺ ആപ്ലിക്കേഷൻ ഫോറം സമർപ്പിക്കപ്പെട്ടതിൽ 295 അനുമതികൾ/ലൈസൻസുകൾ K-SWIFT മുഖേന നല്കിയിട്ടുണ്ട്. ഏതെങ്കിലും കാരണത്താൽ ലഭിച്ച അപേക്ഷകൾ സമയബന്ധിതമായി തീർപ്പാകാതെ വരുന്ന സന്ദർഭങ്ങളിൽ കെ-സ്വിഫ്റ്റ് സംവിധാനത്തിലൂടെ കല്പിത അനുമതി (Deemed License) ലഭിക്കും.<br><br>അപേക്ഷകളിന്മേൽ അതാത് വകുപ്പുകളിലെ ഉദ്യോഗസ്ഥർ സമയ പരിധിക്കുള്ളിൽ നടപടി സ്വീകരിക്കാത്ത</td></tr>
<tr><td>(എഫ്)</td><td>ഓൺലൈൻ അപേക്ഷകൾക്ക് ഡീംഡ് ലൈസൻസ് അനുമതി നൽകുന്ന സ്ഥിതിവിശേഷം നിലവിലുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വിശദമാക്കാമോ?</td></tr>
</table>

| | | | |
|---|---|---|---|
| ൫ | | | സാഹചര്യത്തിലോ സൂക്ഷ്മ പരിശോധന നടത്താത്തതിനാലോ ലഭിച്ച അപേക്ഷകളിന്മേൽ സിസ്റ്റത്തിന് നൽകിയിട്ടുള്ള നിബന്ധന അനുസരിച്ച് ഡീംഡ് ലൈസൻസുകൾ നൽകുന്നുണ്ട്. എന്നാൽ ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിലേക്കായി ഉചിതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**